## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3957 — 15.03.2017-ൽ മറുപടിയ്ക്ക്

### സംസ്ഥാന സഹകരണ ബാങ്കുകളിലെ നിക്ഷേപം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അബ്ദുൽ ഹമീദ് പി. | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | 2017 മാർച്ച് 31- ന് ശേഷം ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ., സർക്കാർ സെക്യൂരിറ്റികളിലും അംഗീകൃത സെക്യൂരിറ്റികളിലും മാത്രമേ പാടുള്ളൂ എന്ന് നിയന്ത്രണം വരുത്തിയിട്ടുണ്ടോ; | (എ) | ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. സർക്കാർ സെക്യൂരിറ്റികളിലും അംഗീകൃത സെക്യൂരിറ്റികളിലും മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ എന്ന് റിസർവ് ബാങ്കിന്റെ 21/07/2014-ലെ RPCD.RCB.BC.No. 16/07.51.020 / 2014-15 സർക്കുലർ പ്രകാരം നിയന്ത്രണം വരുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന സഹകരണ ബാങ്കുകളിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് എൺപതു ശതമാനത്തിനുമേൽ നിക്ഷേപം ഉള്ള സാഹചര്യത്തിൽ മാർച്ച് 31- ന് ശേഷം ബാങ്കിന്റെ നിക്ഷേപം കുറയുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) യും (സി) യും | മാർച്ച് 31- ന് ശേഷം ബാങ്കിന്റെ നിക്ഷേപം കുറയുമെന്ന് വിലയിരുത്തിയിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടിവരുന്നില്ല. |
| (സി) | ആയതു പരിഹരിക്കാൻ സർക്കാർ പ്ലാൻ ഫണ്ടുകളോ തനതു ഫണ്ടുകളോ സംസ്ഥാന സഹകരണ ബാങ്കിന് കറന്റ് നിക്ഷേപമായി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ